ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കെൽട്രോണിന്റെ പ്രവർത്തനം കൂടുതൽ വിപുലീകരിക്കുന്നതിന്റെ ഭാഗമായി ട്രാഫിക് സിഗ്നൽ, സെക്യൂരിറ്റി സർവൈലൻസ്, അറ്റൻഡൻസ് സിസ്റ്റം, ബയോമെട്രിക്ക് ഐഡികാർഡ്, ഡിഫൻസ് ഇലക്ട്രോണിക്സ്, എയ്റോസ്പേസ്, ഇലക്ട്രോണിക്സ്, ഐടി, ഐടി വിദ്യാഭ്യാസം തുടങ്ങിയ മേഖലകളിൽ വിവിധ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി കെൽട്രോണിന് വിവിധ പദ്ധതികൾക്കായി 16 കോടി രൂപയും അനുബന്ധ യൂണിറ്റായ കണ്ണൂരിലെ കെൽട്രോൺ കമ്പോണന്റ് കോംപ്ലക്സിന് വിവിധ വികസന പദ്ധതികൾ നടപ്പിലാക്കാൻ 18 കോടി രൂപയും സർക്കാർ ഇതുവരെ അനുവദിച്ചിട്ടുണ്ട്. കൂടാതെ കെൽട്രോൺ ഇലക്ട്രോ സിറാമിക്സിന്റെ ട്രാൻസ്ഡ്യൂസർ ഉൽപ്പാദനസംവിധാനങ്ങൾ നവീകരിക്കുന്നതിനായി 145 ലക്ഷം രൂപ ഈ സാമ്പത്തിക വർഷം അനുവദിച്ചിട്ടുണ്ട്.

(ബി&സി) ഇല്ല. ഇലക്ട്രോണിക്സ്/ഇലക്ട്രിക്കൽ മേഖലയിൽ കെൽട്രോണിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി ധനസഹായം ഉൾപ്പെടെയുള്ള എല്ലാ നടപടികളും സർക്കാർ സ്വീകരിച്ചിട്ടുണ്ട്. ഇതുകൂടാതെ സർക്കാർ വകുപ്പുകളിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ഇലക്ട്രോണിക്സ് സംബന്ധമായ നവീന സാങ്കേതിക വിദ്യകൾ അടിസ്ഥാനമാക്കിയുള്ള വിവിധ പദ്ധതികൾ കെൽട്രോണിന്റെകൂടി പങ്കാളിത്തത്തോടെയാണ് നടപ്പിൽ വരുത്തുന്നത്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള എൽഇഡി സ്ട്രീറ്റ് ലൈറ്റ് പദ്ധതി, സിഗ്നൽ സുരക്ഷാ സംവിധാനം എന്നിവ ഭാഗികമായി കെൽട്രോണിനെ സർക്കാർ ഏൽപ്പിച്ചിട്ടുണ്ട്.

ഇതുകൂടാതെ സർക്കാർ വകുപ്പുകളിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും സൗരോർജ്ജ പദ്ധതികൾ സ്ഥാപിക്കുന്നതിന് കെൽട്രോണിനെ നോഡൽ ഏജൻസിയാക്കുന്നതിലൂടെ കെൽട്രോണിന്റെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുന്നതാണ്.

ജാഗരൺ ഭാരത്

9 (*639) ശ്രീ. വി. ടി. ബൽറാം :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജാഗരൺ ഭാരത് എന്ന പേരിൽ ദേശീയോദ്ഗ്രഥന ക്യാമ്പ് സംഘടിപ്പിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) ഇതിന്റെ പ്രവർത്തനത്തിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട് ?

പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ജയലക്ഷ്മി) :

(എ) ഉണ്ട്.

(ബി) ഇൻഡ്യയിലെ വിവിധ സംസ്ഥാനങ്ങളിലെ സംസ്കാരവും തനത് കലാരൂപങ്ങളും നമ്മുടെ നാടിനെ പരിചയപ്പെടുത്തുകവഴി ദേശീയോദ്ഗ്രഥനം ഊട്ടിയുറപ്പിക്കുക എന്നതാണ് ജാഗരൺ ഭാരതിന്റെ ഉദ്ദേശ്യലക്ഷ്യം. വിവിധ ഭാഷകളുടെയും വേഷ വിധാനങ്ങളുടെയും ആചാരാനുഷ്ഠാനങ്ങളുടെയും സംസ്കാരങ്ങളുടെയും ഒത്തുചേരൽ ജാഗരൺ ഭാരത്വഴി സാധ്യമാകുന്നു.

(സി) ഇൻഡ്യയിലെ വിവിധ സംസ്ഥാനങ്ങളിലെ തനത് കലാരൂപങ്ങൾ അവതരിപ്പിക്കുന്ന കലാകാരൻമാരാണ് ക്യാമ്പിൽ പങ്കെടുക്കാറുള്ളത്. ക്യാമ്പിന്റെ ഭാഗമായി ദേശീയോദ്ഗ്രഥന സെമിനാറുകൾ, വിവിധ ക്ലാസ്സുകൾ, ഇന്റഗ്രേഷൻ വോക്ക്, കലാപരിപാടികൾ, കേരളത്തിലെ ചരിത്രപ്രസിദ്ധ സ്ഥലങ്ങളും വിനോദ സഞ്ചാര കേന്ദ്രങ്ങളും സന്ദർശനം തുടങ്ങിയ പരിപാടികൾ സംഘടിപ്പിക്കുന്നു.

കോടതിവിധികൾ മലയാളത്തിലാക്കുന്നതിന് പദ്ധതി

10 (*640) ശ്രീ. എം. എ. വാഹീദ് :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സുപ്രധാന കോടതി വിധികൾ മലയാളത്തിലേക്ക് തർജ്ജമ ചെയ്യുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട് ; വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly